**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

നം. **10/2018/ധന** തിരുവനന്തപുരം, തീയതി **09.02.2018**

## സർക്കുലർ

വിഷയം - കയർ കാർണിവൽ 2017 ന്റെ ഭാഗമായി കൂപ്പണുകളുടെ തുക ഈടാക്കുന്നതിനുള്ള നടപടിക്രമം - സംബന്ധിച്ച്

സൂചന - 1. സ.ഉ.(കൈ) നം. 364/2017/ധന തീയതി 04.08.2017
2. സർക്കുലർ നം. 60/2017/ധന തീയതി 28.07.2017
3. കയർ വികസന അഡീഷണൽ ഡയറക്ടറുടെ 29.08.2017 ലെ സി.പി. 6/2779/17 നമ്പർ കത്ത്

സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്സവകാലത്ത് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർ ഉല്പന്നങ്ങൾ തവണവ്യവസ്ഥയിൽ വിപണനം ചെയ്യുന്നതിനുള്ള 15000/-രൂപയുടെ ഇൻഡന്റ് നൽകുന്നതിനും 1000/- രൂപയുടെ കൂപ്പൺ നൽകുന്നതിനും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രസ്തുത തുക കിഴിവ് നടത്തുന്നതിനും ഉൽപന്നം വാങ്ങിയ വിവരത്തിന്റെ സ്ഥിരീകരണം ലഭിക്കുമ്പോൾ വാങ്ങിയ വില അടുത്തമാസം മുതൽ യഥാക്രമം അഞ്ച്/രണ്ട് തുല്യ തവണകളായി ശമ്പളത്തിൽനിന്നും കിഴിവ് നടത്തി ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകേണ്ടതുമാണ് എന്നും ഉത്തരവായിരുന്നു. ഇപ്രകാരം കിഴിവ് ചെയ്യുന്ന തുക കയർ കോർപ്പറേഷന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് ശമ്പള വിതരണ ഉദ്യോഗസ്ഥൻമാർ സംശയനിവാരണം ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക കയർകോർപ്പറേഷന്റെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ആലപ്പുഴ ശാഖയിലെ അക്കൗണ്ട് നം. 336801010310572 (IFS Code 0533688) ൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന 3 പ്രകാരം കയർ വികസന അഡീഷണൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

ട്രഷറി ബില്ല് മുഖേന ശമ്പളം മാറുന്ന കേസുകളിൽ, ടി തുക ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്യുന്നതിന് സ്പാർക്കിൽ ഇപ്പോൾ നിലവിലുള്ള സംവിധാനമായ കോ-ഓപ്പറേറ്റീവ് റിക്കവറി മോഡ്യൂൾ വഴി സൂചന 2 ലെ സർക്കുലറിൽ നിഷ്കർഷിക്കുന്നപ്രകാരം തുക കിഴിവ് ചെയ്ത് മേൽ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാവുന്നതാണെന്ന് എല്ലാ വകുപ്പ് മേധാവികളേയും / ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരേയും ഇതിനാൽ അറിയിക്കുന്നു.

**ലക്ഷ്മി രഘുനാഥൻ**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വകുപ്പ തലവൻമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ